# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 50
# 29.05.2019 ലെ മറുപടിക്ക്

## ഗ്രന്ഥശാലകളുടെ പുനർനിർമ്മാണത്തിന് എം.എൽ.എ. ഫണ്ട്

| | ചോദ്യം<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ഉത്തരം<br>ഡോ. ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കേരള ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിലുള്ള ഗ്രന്ഥശാലകൾക്ക് എം.എൽ.എ. മാരുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട്, അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിന് പരിഹാരം കണ്ടെത്തുമോ; | സ.ഉ(അച്ചടി) നം. 119/2018/ധന തീയതി 04/08/2018 ലെ മാർഗ്ഗനിർദ്ദേശങ്ങളിൽ കേരളഗ്രന്ഥശാല സംഘത്തിന്റെ കീഴിലുള്ള ഗ്രന്ഥശാലകൾക്ക് അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതിയില്ല. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗരേഖയായ 29/12/2017 ലെ സ.ഉ(അ) നം. 161/2017/ധന ഉത്തരവിലെ അനുബന്ധം 1 ഇനം 12 പ്രകാരം പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണമാണ് അനുവദനീയമായിട്ടുള്ളത് പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വായനശാലകളാണ്. എന്നാൽ ഗ്രന്ഥശാല സംഘങ്ങളുടെ കീഴിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ എസ്.ഡി.എഫിൽ നിന്നു തുക വിനിയോഗിക്കുവാൻ അനുമതി നൽകി 27/05/2019 ലെ സ.ഉ(അച്ചടി)നം.60/2019/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂലധന സ്വഭാവമുള്ള ആസ്തികളുടെ ആവർത്തന സ്വഭാവമില്ലാത്ത അറ്റകുറ്റപണികൾ നിലവിലെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണ്. |
| (ബി) | പ്രളയത്താലും കാലപ്പഴക്കത്താലും ശോച്യാവസ്ഥ നേരിടുന്ന വായനശാലകളിലെയും ഗ്രന്ഥശാലകളിലെയും പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സൂക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയിലായതിനാൽ ഗ്രന്ഥശാലകളുടെ പുനർനിർമ്മാണത്തിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുമോ; | |
| (സി) | ഗ്രന്ഥശാലകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഗ്രന്ഥശാലകളിലെ സ്ഥലസൗകര്യക്കുറവും അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും മാറ്റിയെടുക്കുന്നതിന് പ്രാദേശിക വികസന ഫണ്ട് വിനിയോഗിക്കാൻ അവസരം നൽകുമോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ